# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2756. 12.03.2018-ന് മറുപടിയ്ക്ക്

## വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ.എസ് ബിജിമോൾ<br>ശ്രീ .ജി.എസ് ജയലാൽ<br>ശ്രീ കെ രാജൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടിക്ക് നേരിടുന്ന തടസ്സങ്ങൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ നേരിടേണ്ടിവരുന്ന ഏറ്റവും വലിയ തടസം കുടിയൊഴിപ്പിക്കലിന് വിധേയരാകുന്ന ആളുകളുടെ ഭാഗത്തു നിന്നുള്ള നിസ്സഹകരണവും എതിർപ്പുകളുമാണ് . |
| (ബി) ഭൂമി ഏറ്റെടുക്കൽ പദ്ധതിയിലെ തടസ്സങ്ങൾ നീക്കുന്നതിനായി ആകർഷക പാക്കേജ് നടപ്പിലാക്കുമോ; വ്യക്തമാക്കുമോ;<br><br>(സി ) ഭൂമി വിട്ടുകൊടുക്കുന്നവരുടെ പുനരധിവാസ പാക്കേജിൽ മാറ്റങ്ങൾ വരുത്തി പുനരധിവാസ നയം രൂപീകരിച്ചിട്ടുണ്ടോ; | (ബി) യും (സി) യും ഭൂമി ഏറ്റെടുക്കൽ പദ്ധതിയിലെ തടസ്സങ്ങൾ നീക്കുന്നതിന് ആകർഷകമായ പുനരധിവാസ പാക്കേജുകൾ 2013 ലെ LARR ആക്ട് ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭൂമി വിട്ടുകൊടുക്കുന്നവരുടെ പുനരധിവാസ പാക്കേജിൽ മാറ്റം വരുത്തി പുനരധിവാസ നയമുൾപ്പടെ മെച്ചപ്പെട്ട പുനരധിവാസ പാക്കേജ് ഉൾപ്പെടുന്ന സംസ്ഥാന നയം 29.12.2017-ലെ G.O(MS)No.448/ 17/RD പ്രകാരം രൂപീകരിച്ചിട്ടുണ്ട്. |
| (ഡി ) ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച മറ്റ് നടപടികൾ വിശദമാക്കുമോ; | (ഡി) ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഡയറക്റ്റ്/നെഗോഷ്യേറ്റഡ് പർച്ചേസ് മുഖേന ഭൂമി ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |
| (ഇ ) ഭൂമി ഏറ്റെടുക്കുന്നതിന് സ്ഥാപിച്ച പ്രത്യേക ഓഫീസുകളിലെ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് വഹിക്കുന്നതിലെ വ്യവസ്ഥ വ്യക്തമാക്കുമോ? | (ഇ) പൊന്നുംവില നടപടികളുമായി മുന്നോട്ടുപോകുന്ന അവസരത്തിൽ 2015-ലെ റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് (കേരള) ചട്ടങ്ങളിലെ ചട്ടം 4-ലെ ഉപ ചട്ടം (2)-ൽ പ്രതിപാദിക്കുന്ന നിർബന്ധിത 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ് (ഭൂമി ഏറ്റെടുത്ത് നല്കുന്നതിനുള്ള അർത്ഥന ജില്ലാ കളക്ടർക്ക് ലഭിക്കുന്ന അവസരത്തിൽ പ്രസ്തുത ഭൂമിയുടെ മതിപ്പ് ചെലവിന്റെ 30% തുക) കെട്ടിവയ്ക്കേണ്ടതുണ്ട്. 23/01/2017-ൽ ബഹു.അഡീഷണൽ ചീഫ് സെക്രട്ടറിയുടെ |

അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 2015-ലെ റൈറ്റ് റ്റു ഫെയർ കോംപൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ് താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുവാൻ നിർദ്ദേശിക്കുകയുണ്ടായി.

1. സ്പെഷ്യൽ യൂണിറ്റുകളെ നിയമിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്ന ഗവണ്മെന്റ് ഡിപ്പാർട്ട്മെന്റുകൾ ഒഴികെയുള്ള റിക്വിസിഷൻ അതോറിറ്റികൾ നഷ്ടപരിഹാരത്തിന്റെ 30% എസ്റ്റാബ്ലിഷ്മെന്റ് ചാർജ് റിക്വയറിംഗ് ബോഡി മുമ്പാകെ കെട്ടിവയ്ക്കേണ്ടതില്ല. ഈ വിഷയത്തിൽ ജില്ലാ കളക്ടർ തീരുമാനിക്കുന്ന മൊത്തം എസ്റ്റാബ്ലിഷ്മെന്റ് തുക തവണകളായി (പ്രതിവർഷം) റിക്വിസിഷനിംഗ് അതോറിറ്റി അടക്കേണ്ടതാണ്.
2. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നിർവഹിക്കുന്ന ഭൂമി ഏറ്റെടുക്കലുകളിൽ നഷ്ടപരിഹാരത്തിന്റെ അനുപാതിക എസ്റ്റാബ്ലിഷ്മെന്റ് ചാർജ് റിക്വയറിംഗ് ബോഡി മുമ്പാകെ റിക്വിസിഷൻ അതോറിറ്റികൾ കെട്ടിവയ്ക്കേണ്ടതില്ല.

മേൽ തീരുമാനം സർക്കാർ അംഗീകരിക്കുകയും 2015 ലെ LARR Rules ചട്ടം 4, ഉപചട്ടം(2) ഭേദഗതി ചെയ്തുകൊണ്ട് 23/01/2018-ൽ 301/ബി1/2017/ആർ.ഡി പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിച്ച് 30 ദിവസങ്ങൾക്കു ശേഷവും ആക്ഷേപമൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ